കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് –2016-17

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. കെ.എൻ.ആർ./സി.8/1643/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയ്യതി: 20.10.2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 , ഭാഗം 3എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂർ ജില്ല (ഉപരിപത്രം സഹിതം )

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ. കെ.എൻ.ആർ./സി.8/1643/2017 തിയ്യതി: 20.10.2017

കണ്ണൂർ ജില്ലയിലെ ചിറ്റാരിപറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ചിറ്റാരിപറമ്പ് ഗ്രാമ പഞ്ചായത്ത് 2.11.2016 മുതൽ 12.9.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. ജോൺമനോഹർ എ.<br>ഡെപ്യൂട്ടിഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |

| | | |
|---|---|---|
| 13.9.2017മുതൽ<br>23 .9.2017വരെ | ശ്രീമതി.ലതവാണി.എൻ.എൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രമേശൻ കരോത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.വിപിന വത്സരാജ്<br>(16.9.2017 മുതൽ 23.09.2017 വരെ) | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികളുടെ പേര് &കാലയളവ്

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി.യു.പി.ശോഭ | 1.4.2016 മുതൽ 31.3.2017 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.ചന്ദ്രൻ .എം. | 1.4.2016 മുതൽ 31.3.2017 വരെ |

മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | | |
|---|---|---|---|
| കൃഷി ഓഫീസർ | | ശ്രീമതി.അശ്വിനി.എസ് | 1.4.2016മുതൽ 4.2.2017 വരെ |
| | | ശ്രീമതി.മീര.വി.ആർ | 5.2.2017 മുതൽ 22.3.2017 വരെ |
| | | ശ്രീമതി.സുജ.കാരാട്ട് | 23.3.2017മുതൽ 31.3.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | മാനന്തേരി | ശ്രീമതി.ഷൈമ.കെ | 1.4.2016മുതൽ31.3.2017വരെ |
| | കണ്ണവം | ശ്രീ.വിൽഫ്രഡ് സാജൻ | 1.4.2016മുതൽ 31.3.2017 വരെ |
| വെറ്ററിനറി സർജ്ജൻ | | ഡോ.എസ്.രവിപ്രസാദ് | 1.4.2016മുതൽ |

| | | |
|---|---|---|
| | | 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ. ഷറിജ് ജനാർദ്ദനൻ | 1.4.2016മുതൽ 31.3.2017വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.നിഷ അച്യുതൻ | 1.4.2016മുതൽ 31.3.2017വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.റീനകുമാരി.എ.കെ | 1.4.2016മുതൽ 31.3.2017വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.വിലാസിനി.കെ.വി | 1.4.2016 മുതൽ5.6.2016വരെ |
| | ശ്രീ.പുരുഷോത്തമൻ കോമത്ത് | 6.6.2016മുതൽ31.3.2017വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.രാജീവൻ.ടി | 1.4.2016മുതൽ<br>30.5.2016 വരെ |
| | | 25.7.2016 മുതൽ<br>31.3.2017വരെ |
| | ശ്രീമതി.ജിഷ.കെ | 31.5.2016മുതൽ<br>24.7.2016 വരെ |

ഉള്ളടക്കം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം – 1 | |

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | ഗ്രാമസഭ | 1-11 |
| | ഭാഗം-II<br>വരവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12 | സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് | 2-1 |

| | | |
|---|---|---|
| 13 | വസ്തുനികുതി ഒഴിവാക്കൽ - സത്യവാങ്മൂലം നൽകുന്നില്ല | 2-2 |
| 14 | പൗൾട്രി ഫാമിന് ലൈസൻസ് നൽകുന്നത് - ചട്ടങ്ങൾ പാലിക്കാതെ | 2-3 |
| 15 | ഷോപ്പിംഗ് കോംപ്ലക്സ് വാടക – കാലോചിതമായി പരിഷ്കരിക്കുന്നില്ല. | 2-4 |
| 16 | ഉപയോഗക്രമമനുസരിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നില്ല – നികുതിനിരക്കിൽ കുറവ് വരുന്നു | 2-5 |
| 17 | ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിലേക്ക് ക്രഡിറ്റ്ചെയ്യാത്ത് | 2-6 |
| 18 | ഭാഗം-III<br>ചെലവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 19 | സ്മാർട്ട് ക്ളാസ്സ് റൂം -- ഉപകരണങ്ങൾ വാങ്ങൽ പൊതു വിദ്യാഭ്യാസ ഡയരക്ടറുടെ നിർദ്ദേശം പാലിച്ചില്ല – 1,46,950 രൂപ തടസ്സപ്പെടുത്തുന്നു. | 3-1 |
| 20 | ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്--ഉത്തരവു പ്രകാരമുള്ള മുഴുവൻ തുകയും അനുവദിക്കുന്നില്ല. | 3-2 |

| | | |
|---|---|---|
| | | |
| 21 | ഹോമിയോ ഡിസ്പെൻസറിയിൽ മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായില്ല | 3-3 |
| 22 | ഫിസിയോതെറാപ്പിസ്റ്റിന് വേതനം - അധികം നൽകിയത് ശരിയല്ല | 3-4 |
| 23 | വികലാംഗ ഉപകരണങ്ങൾ വിതരണം ചെയ്യാത്തത് ക്യാമ്പിന് ചെലവഴിച്ച 27930 രൂപ തടസ്സപ്പെടുത്തുന്നു. | 3-5 |
| 24 | ഡെപ്പോസിറ്റ് വർക്കുകൾ / വിഹിതം നൽകൽ വിനിയോഗ വിവരം ലഭ്യമക്കിയില്ല. | 3-6 |
| 25 | തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയില്ല | 3-7 |
| 26 | കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കാത്തത് - | 3-8 |
| | ഭാഗം-IV<br>ഓഡിറ്റ് പ്രത്യവലോകനം | |
| 27 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |

| | | |
|---|---|---|
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 30 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 35 | ഓഡിറ്റ് ഇംപാക്ട് | 4-9 |
| 36 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| 37 | അനുബന്ധം -1 (ഓഡിറ്റ് സർട്ടിഫിക്കറ്റ്) | |
| 38 | അനുബന്ധം -2 (റസീറ്റ് & പേയ്മെന്റ്) | |
| 39 | അനുബന്ധം -3 (ഇൻകം & എക്സ്പെൻഡിച്ചർ) | |
| 40 | അനുബന്ധം -4 (ബാലൻസ് ഷീറ്റ്) | |


# ഭാഗം 1

## <u>പൊതു അവലോകനം</u>

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 1.3.2016 തീയതിയിലെ 25/2016 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ്പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 99,32,213.00 | 1,21,02,438.75 |
| വരവ് | 6,99,83,500.00 | 4,35,46,933.00 |
| ആകെ | 7,99,15,713.00 | 5,56,49,371.75 |
| ചെലവ് | 6,28,65,100.00 | 3,94,49,864.00 |
| നീക്കിയിരിപ്പ് | 1,70,50,613.00 | 1,61,99,507.75 |

ബജറ്റിൽ, ഡി ബി ടി വഴി മാറിയ പെൻഷൻ, എം എൻ ആർ ഇ ജി എസ് (ഇ എഫ് എം എസ് ) എന്നിവ ഉൾപ്പെട്ടതിനാലും, എന്നാൽ റസീറ്റ്& പെയ്മെന്റിൽ ഇവ ഉൾപ്പെടാത്തതിനാലും ബജറ്റും, വാർഷീക ധനകാര്യപത്രികയും തമ്മിൽ താരതമ്യം ചെയ്യിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31.7.2017 | 29.6.2017 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന്കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് തരം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|---|
| 2016-17 | 16.9.2017 | വിശേഷണങ്ങളോട് | ഇതേ റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | കൂടിയത് | നം തീയതി |

വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ

1)ഡി ബി ടി വഴി നൽകിയ പെൻഷൻ മടങ്ങി വന്നത് , തിരിച്ചടയ്ക്കാതെ B9 ഷെഡ്യൂളിലാണ് ചേർത്തിട്ടുള്ളത്.

2)ഇൻവെസ്റ്റ്മെന്റ് നീക്കിയിരിപ്പ് ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

4)നിർവഹണ ഉദ്യോഗസ്ഥർ ബില്ലുകളിൽ നിന്നു ഈടാക്കുന്ന നികുതികളുടെ വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുന്നില്ല.

5) വസ്തുനികുതി ഡിമാൻഡ് കളക്ഷൻ നീക്കിയിരിപ്പ് സാംഖ്യയിൽ പൊരുത്തപ്പെടുന്നില്ല.

## 1-4 സാമ്പത്തികവിശകലനം

| ഇനം | 2016-17 |
|---|---|
| മുന്നിരിപ്പ് | 1,21,02,438.75 |
| വരവ് | 4,35,46,933.00 |
| ആകെ | 5,56,49,371.75 |
| ചെലവ് | 3,94,49,864.00 |
| നീക്കിയിരിപ്പ് | 1,61,99,507.75 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | അലോട്ട് മെന്റ് | ആകെ തുക | ചെലവ് തുക | സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ച തുക | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 97,77,070 | 97,77,070 | 97,59,649 | 17,421.00 | | 99.82 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4,80,483 | 4,80,483 | 3,83,606 | 96,877 | | 79.83 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 28,82,085 | 28,82,085 | 24,54,032 | 4,28,053 | | 85.14 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 41,66,892 | 41,66,892 | 24,33,252 | 17,33,640 | | 58.39 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 28,32,252 | 28,32,252 | 16,81,618 | 11,50,634 | | 59.37 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 54,83,899 | 54,83,899 | 45,81,624 | 9,02,275 | | 83.55 |
| ലോകബാങ്ക് സഹായം | 0 | 28,73,621 | 28,73,621 | 28,73,621 | 0 | | 100 |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 948 | 2,13,15,894 | 2,13,16,842 | 2,13,01,491 | | 15,351 | 99.92 |

| | | | | | | | |
|---|---|---|---|---|---|---|---|
| ബിഫണ്ട് | | 4,17,78,060 | 4,17,78,060 | 4,17,78,060 | 0 | | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | ചെലവ് തുക | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 139 | 3,89,78,187 | 124 | 19 | 2,82,72,195 | 15 | 75.53 |

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 24 | 15 | 4864836 | 3443476 | 70.78 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 52 | 33 | 17515352 | 9849272 | 56.23 |
| 3 | കൃഷി ഓഫീസർ | 11 | 11 | 1530550 | 1504668 | 98.30 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 7 | 5 | 3743000 | 3371500 | 90.07 |
| 5 | വെറ്ററിനറി | 9 | 9 | 2456000 | 2241254 | 91.25 |

| | | | | | | |
|---|---|---|---|---|---|---|
| | സർജ്ജൻ | | | | | |
| 6 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 4 | 4 | 719855 | 531600 | 73.84 |
| 7 | അസിസ്റ്റന്റ് സെക്രട്ടറി | 20 | 16 | 2949356 | 2497848 | 84.69 |
| 8 | ഐ സി ഡി എസ് സൂപ്പർവൈസർ | 2 | 2 | 3347500 | 3211641 | 95.94 |
| 9 | ഹെഡ്മാസ്റ്റർ | 10 | 10 | 1851738 | 1620936 | 87.53 |
| | ആകെ | 139 | 124 | 3,89,78,187 | 2,82,72,195 | 72.53 |

## 1-7 തനത് വരുമാനം.

തനതു വരുമാനത്തിൽ ,മുൻവർഷത്തെ അപേക്ഷിച്ച് തൻവർഷം താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ട്.

| ഇനം | മുൻവർഷം 2015-16 | തൻവർഷം 2016-17 | വ്യത്യാസം കൂടുതൽ | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 38,62,991 | 53,41,866 | 14,78,875 | (+) 38.28 |
| നികുതിയേതര വരവുകൾ (ഫീസുകൾ) | 6,88,772 | 16,41,518 | 9,52,746 | (+) 138.32 |
| ആകെ | 45,51,763 | 69,83,384 | 24,31,621 | 53.42 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,49,600 | 280 |
| കർഷകതൊഴിലാളി പെൻഷൻ | 67,89,530 | 686 |
| വിധവാപെൻഷൻ | 1,46,13,690 | 1069 |
| വാർദ്ധക്യകാലപെൻഷൻ | 1,41,20,295 | 1424 |
| വികലാംഗപെൻഷൻ | 26,13,795 | 278 |
| അവിവാഹിതരായസ്ത്രീകൾക്കുള്ള പെൻഷൻ | 24,31,150 | 226 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 9,60,000 | 32 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.5.2017 മുതൽ 30.5.2017 വരെ | 1.2.2017മുതൽ 31.3.2017വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8.11.2010 | 2005-06 മുതൽ 2009-10 വരെ | 20.12.2010 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.9.2017 തീയതിയിൽ 4.30pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. ₹ 6,335 നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-11 ഗ്രാമസഭ

2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ 3 തവണ മാത്രമേ ഗ്രാമസഭ യോഗങ്ങൾ ചേർന്നിട്ടുള്ളൂ.മുടപ്പത്തൂർ വാർഡിൽ പുഴയോരസംരക്ഷണത്തിനായി 8.12.2016 ൽ ഗ്രാമസഭ കൂടിയിട്ടുണ്ട്. ഗ്രാമസഭയോഗങ്ങളിൽ ആവശ്യമായ ജനപങ്കാളിത്തം ഉണ്ടായിട്ടുണ്ട്.

| യോഗം ചേർന്ന തീയതി | വിഷയം |
|---|---|
| 4/2016 | ശുചിത്വഗ്രാമസഭ,മഴക്കാലപൂർവ്വ ശുചീകരണം,വരൾച്ച,കുടിവെള്ളം |
| 7/2016 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് ലേബർ ബജറ്റ് അംഗീകരിക്കൽ -2017-18 |
| 9/2016 | 2016-17വാർഷികപദ്ധതി വിശദീകരണം,ഗുണഭോക്തൃതെരഞ്ഞെടുപ്പ്,ലേബർ ബജറ്റ്,ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ |

സർക്കാരിൽ നിന്ന് ലഭിക്കുന്ന പെൻഷൻ, സബ്സിഡി എന്നിവ പോലുള്ള വിവിധ തരം ക്ഷേമധനസഹായം ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കുന്നതിനുള്ള ഉത്തരവാദിത്തം ഗ്രാമസഭകൾക്കുണ്ടെങ്കിലും ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഒരു ഗ്രാമസഭയിലും അവതരിപ്പിക്കപ്പെട്ടിട്ടില്ല.ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെടുകയും ചെയ്തിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത്

താഴെ പറയുന്ന വ്യാപാരികളിൽ നിന്നും രണ്ടാം അർദ്ധവർഷത്തിലെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പേര് | ഡിമാന്റ് ചെയ്ത തൊഴിൽ നികുതി |
|---|---|---|
| 1 | എസ്.ആർ ലാറ്റെക്സ് | 300 |

| | | |
|---|---|---|
| 2 | റോയൽ റൂഫിംഗ് ,വലിയ വെളിച്ചം | 750 |
| 3 | കണ്ണവം കള്ളുഷാപ്പ് | 600 |
| 4 | കോയ്യാറ്റിൽ കള്ളുഷാപ്പ് | 600 |
| ആകെ | | 2250 |

ഈടാക്കാൻ ബാക്കിയുള്ള തൊഴിൽ നികുതി പലിശസഹിതം ഈടാക്കേണ്ടതാണ്.

## 2-2 വസ്തുനികുതി ഒഴിവാക്കൽ - സത്യവാങ്മൂലം നൽകുന്നില്ല

60ച.മീ വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിനു മാത്രമായി ഒഴിവാക്കൽ പരിമിതപ്പെടുത്തേണ്ടതാണ്. (സ.ഉ(എം.എസ്) നം.358/15 /ത.സ്വ.ഭ.വ/16-12-15). ഇതിനായി ഉടമസ്ഥനിൽ നിന്നും സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കേണ്ടതാണ് എന്ന ഉത്തരവ് പാലിച്ചിട്ടില്ല. അനർഹമായി വസ്തുനികുതി ഇളവ് ലഭിക്കുന്നത് ഒഴിവാക്കുന്നതിനായി മേൽ ഉത്തരവ് പാലിക്കേണ്ടതാണ്.

## 2-3 പൗൾട്ടി ഫാമിന് ലൈസൻസ് നൽകുന്നത് ചട്ടങ്ങൾ പാലിക്കാതെ

ശ്രീ.പി.പി.ഹരിദാസൻ , 'ശ്രീഹരി' കണിയാർകുന്ന് (വാർഡ് നമ്പർ13,കെട്ടിടനമ്പർ 489A എന്നയാൾ പൗൾട്ടിഫാമിന് ഡി&ഒ ലൈസൻസ് ലഭിക്കുന്നതിനായി 05-04-16 ന് ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയും ഇദ്ദേഹത്തിൽ നിന്നും 200/- രൂപ ഡി&ഒ ലൈസൻസ് ഫീയിനത്തിൽ പഞ്ചായത്ത് ഈടാക്കുകയും ചെയ്തിട്ടുണ്ട്. 2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ )ചട്ടങ്ങൾ പ്രകാരമുള്ള നിബന്ധനകൾ പാലിക്കാതെയാണ് പൗൾട്ടി ഫാം നടത്തുന്നതിന് മേൽ വ്യക്തിക്ക് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. പൗൾട്ടി ഫാമിന് 4 കി.മീ ചുറ്റളവിൽ ദേശാടനപ്പക്ഷികൾ തങ്ങുന്ന ജലാശയങ്ങളില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.പൗൾട്ടി ഫാം ആരംഭിക്കുന്നതിന് അനുമതിക്കുള്ള അപേക്ഷയിൽ വളർത്താനുദ്ദേശിക്കുന്ന പക്ഷികളുടെ ഇനങ്ങളും എണ്ണവും , ഈ ആവശ്യത്തിലേക്ക് ലഭ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം ,ഉദ്ദേശിക്കുന്ന മാലിന്യനിർമാർജന ക്രമീകരണങ്ങൾ,ചുറ്റുവട്ടത്തുള്ള ജനവാസത്തെ പറ്റിയുള്ള വിവരണം എന്നീ കാര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ മേൽ വ്യക്തിക്ക് പൗൾട്ടി ഫാമിന് ലൈസൻസ് നൽകുമ്പോൾ ഈ നിർദ്ദേശങ്ങളൊന്നും പാലിച്ചിട്ടില്ല. ഭാവിയിൽ ചട്ടങ്ങൾ പാലിച്ച് മാത്രം പൗൾട്ടി ഫാം ലൈസൻസ് അനുവദിക്കേണ്ടതാണ്. മേൽ പൗൾട്ടി ഫാം ചട്ട പ്രകാരമാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-4 ഷോപ്പിംഗ് കോംപ്ലക്സ് വാടക - കാലോചിതമായി പരിഷ്കരിക്കുന്നില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 8 മുറികൾ വാടകയ്ക്ക് നൽകുന്നുണ്ട്. പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം 8 മുറികളും വർഷങ്ങളായി മുൻവാടകക്കാർക്ക് തന്നെ ലേലം കൂടാതെ വർഷാവർഷം 5% വാടക വർദ്ധനവ് വരുത്തിയാണ് നൽകുന്നത് . പഞ്ചായത്തിൽ നിലവിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട ബൈലോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഷോപ്പിംഗ് കോംപ്ലക്സ് നിലവിൽ വന്നതുമുതൽ ഈടാക്കിയ വാടകയുടെ അടിസ്ഥാനത്തിലാണ് വർഷാവർഷം 5% വർദ്ധനവ് കണക്കാക്കിയിട്ടുള്ളത് എന്നാണ് പരിശോധനയിൽ മനസ്സിലായത്. ഇത് സംബന്ധിച്ച വിശദമായ രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വാടക കാലോചിതമായി പരിഷ്കരിച്ചിട്ടില്ല. പഞ്ചായത്തിന്റെ തനത് ഫണ്ട് സമാഹരണം മെച്ചപ്പെടുത്തുന്നതിനായി വാടക കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ഉപയോഗക്രമമനുസരിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നില്ല - നികുതിനിരക്കിൽ കുറവ് വരുന്നു

2016-17കാലയളവിൽ ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യങ്ങൾക്കായി ലൈസൻസ് നൽകിയ താഴെപറയുന്ന കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിന് എന്ന തരത്തിൽ കെട്ടിട നികുതി നിർണ്ണയിച്ചതായി കാണുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 14/2017 തീയ്യതി: 22-09 -2017ക്ക് മറുപടി ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | വ്യാപാരികളുടെ പേര് സ്ഥാപനം | സ്ഥാപനം | വാർഡ്നമ്പർ, കെട്ടിട നമ്പർ |
|---|---|---|---|
| 1 | അശ്വതി എൻ | റെഡിമെയ്ഡ് വസ്ത്രനിർമ്മാണം | 2/303 |
| 2 | ചമ്പാടൻ അനന്തൻ | അനാദി | 2/101 |
| 3 | ഊരാളി അനന്തൻ | ചായക്കച്ചവടം | 3/237 |
| 4 | കുട്ടവൻ കൃഷ്ണൻ | സ്റ്റേഷനറി | 4/103 |

| | | | |
|---|---|---|---|
| 5 | കെ.പി ബിന്ദു | ബേക്കറി ഉത്പന്ന വിതരണം | 7/441 |
| 6 | കോഴിശ്ശേരി മോഹനൻ | ഫാൻസി | 7/239 |
| 7 | ടി.അശോകൻ | ജനൽ ഗ്രിൽസ് നിർമ്മാണം | 9/629 |
| 8 | അനിൽകുമാർ എ | വെൽഡിങ് ഷോപ്പ് | 9/510 |
| 9 | എ.സി.രവീന്ദ്രൻ | ഫോട്ടോസ്റ്റാറ്റ് | 9/688 |
| 10 | പ്രജനി എം | ഫാൻസി &സ്റ്റേഷനറി | 9/503 |

ഉപയോഗക്രമമനുസരിച്ച് നികുതി നിർണ്ണയിക്കാത്തതു കാരണം നികുതിനിരക്കിൽ വലിയകുറവ് വരുന്നുണ്ട്. ആയതിനാൽ മേൽകെട്ടിടങ്ങളുടെ നികുതിനിർണ്ണയം പുനപരിശോധിക്കേണ്ടതാണ്.

## 2-6 ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല

2016-17 വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തത്. തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല. ആയത് ക്രഡിറ്റ് ചെയ്യേണ്ടതാണ്

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര് | ടെണ്ടറിൽ പങ്കെടുത്തവരുടെ എണ്ണം | ടെണ്ടർ ഫോറം വില |
|---|---|---|---|
| 1 | കിഴവക്കൽ ഓത്യോട്ട് റോഡ് ടാറിംഗ് | 2 | 2,400 |
| 2 | ഇടുമ്പ കൊട്ടറ റോഡ് ടാറിംഗ് | 2 | 3,200 |

| | | | |
|---|---|---|---|
| 3 | ഇരട്ടകുളങ്ങരവലിയവെളിച്ചം റോഡ് ടാറിംഗ് | 2 | 2,000 |
| 4 | ഒതയോത്ത് കുന്ന് ഇരട്ടകുളങ്ങരറോഡ് മെറ്റലിംഗ്,ടാറിംഗ് | 3 | 3,000 |
| 5 | തൊടീക്കളം രേഷൻ പീടികകൈതക്കൊല്ലിറോഡ്ടാറിംഗ് | 2 | 2,400 |
| 6 | കുയ്യലാട്ട് മുടപ്പത്തൂർ റോഡ് ടാറിംഗ് | 2 | 2,000 |
| 7 | മണ്ണന്തറ ഇ എം എസ് റോഡ് ടാറിംഗ് | 2 | 2,000 |
| 8 | ഞാലിൽ വയൽ റോഡ് പാർശ്വഭിത്തി കൾവർട്ട് നിർമ്മാണം | 2 | 3,200 |
| 9 | കാവിന്മൂല അംഗൻവാടിക്ക് ഒന്നാം നില നിർമ്മാണം | 2 | 2,000 |
| 10 | ഇടുമ്പ പാപ്പരണമുയ്യോറത്ത് റോഡ് ടാറിംഗ് | 2 | 2,000 |
| 11 | കാവിന്മൂല പട്ടർമൂല റോഡ് പുനരുദ്ധാരണം | 2 | 3,000 |
| | ആകെ | | 27,200 |

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സ്മാർട്ട് ക്ളാസ്സ് റൂം -- ഉപകരണങ്ങൾ വാങ്ങൽ പൊതു വിദ്യാഭ്യാസ ഡയരക്ടറുടെ നിർദ്ദേശം പാലിച്ചില്ല - ₹ 146950 തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ,ഗവ: എൽ.പി.സ്കൂൾ, തൊടീക്കളം

പ്രോജക്ട് : 85/17- ഗവ: എൽ.പി.സ്കൂൾ സ്മാർട്ട് ക്ളാസ്സ് റൂം

അടങ്കൽ : ₹150000- (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് : ₹146950 (ബിൽ നം. 4/16-17 തീയ്യതി 27-03-2017 )

മേൽ പ്രോജക്ട് പ്രകാരം കണ്ണവം ഗവ: എൽ.പി.സ്കൂളിൽ സ്മാർട്ട് ക്ളാസ്സ് റൂം ഒരുക്കുന്നതിനായി മൾട്ടി മീഡിയ പ്രൊജക്ടർ, സീലിംഗ് മൗണ്ട് കിറ്റ് , ലാപ്പ് ടോപ്പ് (എയ്സർ ), ട്രിപ്പോഡ് സ്ക്രീൻ & സ്റ്റാൻഡ്, സ്പീക്കർ, ഇന്ററാക്ടീവ് വൈറ്റ് ബോർഡ് വിത്ത്

സോഫ്റ്റ് വേർ എന്നിവ കെൽട്രോണിൽ നിന്നും ടെണ്ടർ നടപടിക്രമങ്ങളൊന്നും കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നമ്പർ KSEDC/CLT/OA/1702/ 22-03-2017 ) .

സ്കൂളുകൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 21-11-2016 ലെ എൻ .ഇ.പി.(3)/10192/2015 ഡി.പി.ഐ നമ്പർ നടപടിക്രമത്തിലെ വ്യവസ്ഥകൾ ബാധകമാക്കികൊണ്ട് സ.ഉ.(സാധാ) നം 460/2017 പൊ.വി.വ . തീയ്യതി 20-02-2017 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം ലാപ്പ് ടോപ്പ് കമ്പ്യൂട്ടർ, ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ, മൾട്ടി മീഡിയ പ്രൊജക്ടർ എന്നിവയുടെ സ്പെസിഫിക്കേഷനും വിലയും വാറണ്ടി കാലയളവും നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെടാത്ത ₹15000 കൂടുതലുള്ള മറ്റ് സാധനങ്ങൾ വാങ്ങുമ്പോൾ വിദ്യാഭ്യാസ ഡയറക്ടറുടെ അനുവാദത്തോടുകൂടി മാത്രമേ വാങ്ങാൻ പാടുള്ളൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഉത്തരവിനു വിരുദ്ധമായി താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| കെൽട്രോണിൽ നിന്നും ഇൻവോയ്സ് നമ്പർ KSEDC/CLT/OA/1702/ 22-03-2017പ്രകാരം വാങ്ങിയ വില | | 21-11-2016 ലെ എൻ .ഇ.പി.(3)/10192/2015 ഡി.പി.ഐ നമ്പർ നടപടിക്രമം പ്രകാരം അനുവദനീയമായ വില | |
|---|---|---|---|
| ഇനം | വില (നികുതി ഒഴികെ) | ഇനം | വില (നികുതി ഉൾപ്പെടെ) |
| മൾട്ടി മീഡിയ പ്രൊജക്ടർ | 34803.49 | മൾട്ടി മീഡിയ പ്രൊജക്ടർ | 25630 |
| സീലിംഗ് മൗണ്ട് കിറ്റ് | 17030.57 | സീലിംഗ് മൗണ്ട് കിറ്റ് | -- |
| ലാപ്പ് ടോപ്പ് (എയ്സർ ) | 38095.24 | ലാപ്പ് ടോപ്പ് | 28990 |
| ട്രിപ്പോഡ് സ്ക്രീൻ & സ്റ്റാൻഡ് | 4235.81 | ട്രിപ്പോഡ് സ്ക്രീൻ & സ്റ്റാൻഡ് | ---- |
| സ്പീക്കർ | 2714.29 | സ്പീക്കർ | ---- |
| ഇന്ററാക്ടീവ് വൈറ്റ് ബോർഡ് വിത്ത് സോഫ്റ്റ് വേർ | 34847.16 | ഇന്ററാക്ടീവ് വൈറ്റ് ബോർഡ് വിത്ത് സോഫ്റ്റ് വേർ | ---- |

| | | | |
|---|---|---|---|
| നികുതി | 15223.45 | | |

മൾട്ടി മീഡിയ പ്രൊജക്ടറിന് 2 വർഷത്തെയും ലാപ്പ് ടോപ്പിന് ഒരു വർഷത്തെയും വാറണ്ടിയാണ് അനുവദിച്ചിട്ടുള്ളത് മറ്റുള്ളവയ്ക്കൊന്നും വാറണ്ടി അനുവദിച്ചിട്ടില്ല. സർക്കാർ ഉത്തരവു പ്രകാരം എല്ലാ ഇനത്തിനും 5 വർഷത്തെ ഓൺ സൈറ്റ് വാറണ്ടിയാണ് നൽകേണ്ടത്. കൂടാതെ പട്ടികയിൽ ഉൾപ്പെടാത്ത ഉപകരണങ്ങൾ വിദ്യാഭ്യാസ ഡയറക്ടറുടെ അനുവാദത്തോടെയല്ല വാങ്ങിയിരിക്കുന്നത്. ആയതിനാൽ ഉത്തരവിനു വിരുദ്ധമായി കെൽട്രോണിൽ നിന്നും അധിക നിരക്കിൽ ഉപകരണങ്ങൾ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. ചെലവ് തുക ₹ 146950/- തടസ്സപ്പെടുത്തുന്നു.

## 3-2 ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്--ഉത്തരവു പ്രകാരമുള്ള മുഴുവൻ തുകയും അനുവദിക്കുന്നില്ല.

നിർവഹണ ഉദ്യോഗസ്ഥൻ : ഹെഡ്മാസ്റ്റർ

പ്രോജക്ട് : 86/17 -

അടങ്കൽ : ₹360000 (ഗ്രാമ പഞ്ചായത്ത് --₹ 200000

ബ്ലോക്ക് പഞ്ചായത്ത് -- ₹100000

ജില്ലാ പഞ്ചായത്ത് -- ₹ 60000)

ചെലവ് : ₹ 200000 (ഗ്രാമ പഞ്ചായത്ത് )

: (ബിൽ നമ്പർ 3/16-17 തീയ്യതി 21-03-2017)

മേൽ പ്രോജക്ട് പ്രകാരം 38 വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. അടങ്കൽ പ്രകാരം ഗ്രാമ പഞ്ചായത്ത് വിഹിതം വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമേ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളൂ. മോണിറ്ററിംഗ് റിപ്പോർട്ടിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് നൽകി എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏതൊക്കെ ഗുണഭോക്താക്കൾക്ക് എത്ര തുക വീതം നൽകിയിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. കൂടാതെ ജില്ലാ പഞ്ചായത്ത് വിഹിതം അനുവദിച്ചിട്ടുണ്ടോ എന്ന വിവരവും ലഭ്യമല്ല.

സ.ഉ(എം.എസ്) നമ്പർ 4/2016/ത.സ്വ.ഭ.വ/ 11-01-2016 പ്രകാരമുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെമാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ അനുബന്ധം 13 ൽ ഖണ്ഡിക 5. 8 (എ), (ബി) എന്നിവ പ്രകാരം നൽകേണ്ടുന്ന തുകയുടെ വിശദവിവരം നൽകിയിട്ടുണ്ട്. ഇതുപ്രകാരം മാനസിക - ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം താഴെ പറയും പ്രകാരം തുക അനുവദിക്കാവുന്നതാണ്.

| സ്റ്റാൻഡേർഡ് / ക്ലാസ്സ് | സ്കോളർഷിപ്പ് (ഡേ സ്കോളർ) + | നൽകിയ തുക |
|---|---|---|

| | | |
|---|---|---|
| | വാർഷിക ബത്ത ഇനത്തിൽ അനുവദിക്കാവുന്ന തുക | |
| 1 – 4 / നഴ്സറി | 4800 + 500 = 5300 | 4000 |
| 5- 8 | 6000 + 600 = 6600 | - |
| 9 - +2 | 7200 + 800 = 8000 | 6000 |
| ബിരുദം | 9600+1000 = 10600 | 8000 |
| ബിരുദാനന്തര ബിരുദം | 12000+1500=13500 | 8000 |
| | | |
| മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ | 12000 + 800 + 1400 + 4000 + 1000 = 19200 | +1,+2 വിദ്യാർത്ഥികൾക്ക് - ₹6000 , 1-10 വിദ്യാർത്ഥികൾക്ക് ₹5000 |

മേൽ തുക അനുവദിച്ച 38 പേരിൽ 30 പേരും മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളാണ് . ഇവർക്ക് സ.ഉ (എം.എസ്) നമ്പർ 4/2016/ത.സ്വ.ഭ.വ/ 11-01-2016 പ്രകാരം അനുവദിക്കേണ്ട തുക മുഴുവനായും നൽകിയിട്ടില്ല. ഗ്രാമ പഞ്ചായത്ത്

വിഹിതമിനത്തിൽ നൽകിയ തുകയുടെ വിവരമാണ് മുകളിൽ നല്കിയത് . ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ അനുവദിച്ച തുകയും പൂർണ്ണമായും ലഭ്യമാക്കിയിട്ടുണ്ടോ എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. പ്രോജക്ടിൽ വകയിരുത്തിയ തുക മുഴുവൻ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതും പ്രോജക്ട്തയ്യാറാക്കുമ്പോൾ ആവശ്യമായ തുക വകയിരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 ഹോമിയോ ഡിസ്പെൻസറിയിൽ മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായില്ല

നിർവഹണ ഉദ്യോദസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : 76/17

പ്രോജക്ടിന്റെ പേര് : ഹോമിയോ ഡിസ്പെൻസറിയിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : ₹150000 (വികസന ഫണ്ട് )

ചെലവ് : ₹150000 (ബിൽ നമ്പർ : 21/16-17 തീയ്യതി 27-02-2017

പ്രസ്തുത പ്രോജക്ട് പ്രകാരം ഹോമിയോ ഡിസ്പെൻസറിയിൽ മരുന്ന് വാങ്ങിക്കുന്നതിനായി ഇൻവോയ്സ് നം 117/ 06-10-2016 പ്രകാരമുള്ള മരുന്ന് ലഭ്യമാക്കുന്നതിന് കേരള സംസ്ഥാന ഹോമിയോപ്പതിക്ക് സഹകരണ ഫാർമസി ലിമിറ്റഡ്, ആലപ്പുഴ എന്ന സ്ഥാപനത്തിന് ₹150000 ആലപ്പുഴയിലെ എസ്.ബി.ഐ, കൈച്ചൂണ്ടി ബ്രാഞ്ച് അക്കൗണ്ട് നമ്പർ 34306403911 ലേക്ക് ട്രാൻസ്പർ ചെയ്തിട്ടുണ്ട് . എന്നാൽ പ്രസ്തുത തുക ലഭിച്ചതിന്റെയോ മരുന്ന് ലഭിച്ചതിന്റെയോ സ്ഥാപനവുമായി കരാർ വെച്ചതിന്റെയോ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 3-4 ഫിസിയോതെറാപ്പിസ്റ്റിന് വേതനം - അധികം നൽകിയത് ശരിയല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ

| | |
|---|---|
| പ്രൊജക്ട് | സാന്ത്വനപരിചരണം |
| പ്രൊജക്ട് നം | 72 /17 |
| അടങ്കൽ | 5,00,000 (വികസന ഫണ്ട്) |

| | |
|---|---|
| | 75,000(തനതുഫണ്ട്) |
| ചെലവ് | 5,00,000 (വികസന ഫണ്ട്) |
| | 670 (തനതുഫണ്ട്) |
| | 500670 |

സാന്ത്വനപരിചരണം പദ്ധതിയിൽ ഫിസിയോതെറാപ്പിസ്റ്റ് ശ്രീമതി വിജിന കുമാരിയ്ക്ക് ദിവസവേതനമായി @1050 പ്രകാരം 7 ദിവസത്തേക്ക് ആകെ 7,350 രൂപ നൽകിയിട്ടുണ്ട്. (ബിൽ 6 /2016-17 തീയതി 29.3.2017) .

സാന്ത്വനപരിചരണം സർക്കാർ ഉത്തരവ് നം 3217/2015 തസ്വഭവ തീയതി 29.10 2015 ഖ-2-9-c പ്രകാരം ഫിസിയോതെറാപ്പിസ്റ്റിന് അനുവദനീയമായ വേതനം 600 ആണ്. ദിവസവേതനം @1050 നൽകിയതിന്റെ അടിസ്ഥാനം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 5തീയതി 20.9.2017) അടിയന്തിര പ്രാധാന്യമുള്ളതും ആര്യോഗ്യപദ്ധതിയിൽ ഉൾപ്പെട്ടതുമായ പദ്ധതിയായതിനാലാണ് പരമാവധി വേതനം @1050 നൽകിയതെന്നും ആയതിന് ഭരണസമിതി സാധൂകരണം വാങ്ങിക്കുന്നതാണെന്നും നൽകിയ മറുപടി തൃപ്തികരമല്ല. സർക്കാർ ഉത്തരവ് പാലിച്ച് പദ്ധതി നിർവ്വഹണം നടത്തുവാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 3-5 വികലാംഗ ഉപകരണങ്ങൾ വിതരണം ചെയ്യാത്തത് - ക്യാമ്പിന് ചെലവഴിച്ച 27930 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ പിഎച്ച് സി

| | |
|---|---|
| പ്രോജക്ട് | വികലാംഗ ഉപകരണ നിർണ്ണയ ക്യാമ്പ് |
| പ്രോജക്ട് നം | 74/17 |

| | |
|---|---|
| അടങ്കൽ | 30,000(തനതുഫണ്ട്) |
| ചെലവ് | 27,930(ചെക്ക് നം 2160827 തീയതി 27.2.2017 |

മെഡിക്കൽ ഓഫീസർ -പി എച്ച് സി നിർവ്വഹണഉദ്യാഗസ്ഥനായി 2016-17 ൽ വികലാംഗ ഉപകരണ നിർണ്ണയ ക്യാമ്പ് നടത്തുന്നതിനായി മേൽപറഞ്ഞ തുക ചെലവഴിച്ചിട്ടുണ്ട്. ഈ ക്യാമ്പിൽ വച്ച് 24 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ് (എം എസ് ) നമ്പർ4/2016 ത സ്വ ഭ വ തീയതി 11.1.2016, 2016-17 വാർഷിക പദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ 5.6 ൽ ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ഉപകരണ വിതരണ പ്രോജക്ടുകൾ ബ്ലോക്ക്, നഗരസഭ, ജില്ലാ പഞ്ചായത്തുകളെ ഏറ്റെടുക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്ന 6 പഞ്ചായത്തുകളുടെ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടവർക്ക് ഉപകരണം കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ടെന്നും, ഉപകരണ വിതരണം ഈ മാസത്തോടെ നടത്തുന്നതായിരിക്കും എന്നാണ് വിശദീകരിച്ചത്. തുക ചെലവഴിച്ചിട്ടും ഉപകരണങ്ങൾ വിതരണം ചെയ്യാത്തതിനാൽ ക്യാമ്പിന് വേണ്ടി ചെലവഴിച്ച തുക 27930 രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 ഡെപ്പോസിറ്റ് വർക്കുകൾ / വിഹിതം നൽകൽ വിനിയോഗ വിവരം ലഭ്യമക്കിയില്ല.

2016-17 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ /പ്രോജക്ട് നം & പേര് | വൌച്ചർ /ബിൽ നമ്പർ & തീയ്യതി | തുക | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | സെക്രട്ടറി<br>64/17-- | ബിൽ നം. 10/16-17<br>തീയ്യതി | ₹77636 | ഐ.കെ.എം |

| | | | | |
|---|---|---|---|---|
| | ഐ.കെ.എംന് വിഹിതം നൽകൽ | 23-11-2016 | | |
| 2 | അസിസ്റ്റന്റ് സെക്രട്ടറി<br>150/17—വീട് വയറിംഗ് (പട്ടിക വർഗ്ഗം ) | ബിൽ നം. 21/16-17<br>തീയ്യതി 31-03-2017 | ₹245000 | കെ.എസ്.ഇ.ബി |

## 3-7 തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയില്ല

2012-13 വർഷം തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് പ്രോജക്ട് 35/12-13 പ്രകാരം ₹ 65200 കെ.എസ്സ്.ഇ.ബി. കോളയാട് സെക്ഷന് നൽകിയതായി ഓഡിറ്റ് എൻക്വയറി 12/17 തീയ്യതി 20.09.2017-നുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെയും മീറ്റർ സ്ഥാപിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ കോളയാടിന്റെ 28-03-2016 ലെ DB2 /15-16 /KLD /STL/92/ നമ്പർ സംയുക്ത പരിശോധന റിപ്പോർട്ട് പ്രകാരം തെരുവു വിളക്കുകളുടെ എണ്ണവും നിരക്കും കണക്കാക്കിയിതിന്റെ അടിസ്ഥാനത്തിൽ 01-01-2016 മുതൽ പ്രതിമാസ വൈദ്യുതി ചാർജ്ജായ ₹18806 ഒടുക്കിവരുന്നു. തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കാത്തത്

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റൻറ് എഞ്ചിനിയർ

കരാർ കാലാവധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും 2012 ലെ പൊതുമരാമത്ത് മാന്വൽ (ജി.ഒ. (പി) 13/2012 /P.W.D/ 01-02-2012) സെക്ഷൻ 2112-1 അനുസരിച്ചുള്ള പിഴ താഴെ പറയുന്ന പ്രവൃത്തിയിൽ നിന്നു ഈടാക്കിയിട്ടില്ല.

2012-ലെ പൊതുമരാമത്ത് മാന്വൽ അനുസരിച്ച് എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരം നിശ്ചിത കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരനിൽ നിന്നും ആകെ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് നിശ്ചയിച്ച കാലയളവിന്റെ 25% ദിവസങ്ങൾ പി.എ.സി. തുകയുടെ 1% പിഴ ചുമത്തിക്കൊണ്ടും മിനിമം 1000, മാക്സിമം 50000 അടുത്ത 25% സമയം പി.എ.സി തുകയുടെ 2% പിഴചുമത്തിക്കൊണ്ടും മിനിമം 2000, മാക്സിമം 100000 നിർവ്വഹിക്കുവാൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ നിന്നും പിഴ ഈടാക്കുന്നതിൽ പ്രസ്തുത വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

(1)

| | |
|---|---|
| പ്രൊജക്ട് | വയോജന വിശ്രമകേന്ദ്രം അറ്റകുറ്റപ്പണി |
| പ്രൊജക്ട് നം. | 64/16,52/17 |
| പ്രോജക്ട് ചെലവ് | 1,66,688 |
| ബിൽ നം. | 31/31.3.2017 |
| പി.എ.സി. തുക | 1,98,912 |
| കരാറുകാരൻ | ശ്രീ.കെ.വി.ധർമ്മരാജൻ |
| എം.ബുക്ക് | 17/15-16 |
| എഗ്രിമെന്റ് | AE/LSGD/CPBA/17 /15-16തീയതി 25.9.15 |
| പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുത്ത തീയതി | 25.9.2015 |
| കരാർ പ്രകാരം പ്രവൃത്തി | 24.12.2015 |

| | |
|---|---|
| പൂർത്തികരിക്കേണ്ട തീയതി | |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 15.3.2017 |
| പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കരാർ പ്രകാരം ലഭ്യമാകുന്ന കാലയളവ് | 3 മാസം( 91 ദിവസം) |
| വൈകിയ കാലയളവ് | 1 വർഷം 2 1/2 മാസം (447 ദിവസം) |

തുക 5,967 ഈടാക്കേണ്ടതാണ്

(2)

| | |
|---|---|
| പ്രൊജക്ട് നം. | 153/16 |
| പ്രൊജക്ട് - | ഹോമിയോ ആശുപത്രി അറ്റകുറ്റപ്പണി |
| പ്രോജക്ട് ചെലവ് | 1,44,853 |
| ബിൽ നം. | 47/30.3.2017 |
| പി.എ.സി. തുക | 1,44,901 |
| കരാറുകാരൻ | ശ്രീ.കെ.വി.ധർമ്മരാജൻ |
| എം.ബുക്ക് | 38/15-16 |

| | |
|---|---|
| കരാർ നം &തീയതി | AE/LSGD/CPBA/38 /15-16 തീയതി<br>4.3.16 |
| പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുത്ത തീയതി | 4.3.2016 |
| കരാർ പ്രകാരം പ്രവൃത്തി പൂർത്തികരിക്കേണ്ട തീയതി | 3.6.2016 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 15.3.2017 |
| പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കരാർ പ്രകാരം ലഭ്യമാകുന്ന കാലയളവ് | 3 മാസം |
| വൈകിയ കാലയളവ് | 9 മാസം |

തുക 4,347 ഈടാക്കേണ്ടതാണ്

മേൽ പറഞ്ഞ 2 പ്രവൃത്തികളിലും പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കുവാൻ കരാറുകാരൻ അസി. എഞ്ചിനീയർ മുഖേന അപേക്ഷിച്ചിട്ടില്ല. ഇത്തരം സാഹചര്യങ്ങളിൽ പ്രവൃത്തിയ്ക്ക് വേണ്ടി വച്ച കരാർ ദുർബലപ്പെടുന്നതാണെന്നും, പൂർത്തീകരണ കാലാവധിയ്ക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണെന്നും മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | ലഭിച്ച | ആകെ | പ്രോജക്ടുകളുടെ വിവരം | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | | | | |
| ജില്ലാ പഞ്ചായത്ത്, കണ്ണൂർ | 1,00,000 | 1,00,000 | സാന്ത്വന പരിചരണം(2015-16ലെ പ്രോജക്ടിനുവേണ്ടി ലഭിച്ചതുക) പ്രോജക്ട് നം. 4/17 | 1,00,000 | ഇല്ല |
| കൂത്ത്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് | | | ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് പ്രോജക്ട് നം. 86/17 | 1,00,000 (നേരിട്ട് ചെലവഴിച്ചത്) | |
| | 60,000 | 60,000 | ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് പ്രോജക്ട് നം. 86/17 | ഇല്ല | 60,000 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നം | തുക | ചെലവഴിച്ച തുക | പൂർത്തീ കരിച്ചതിന്റെ വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെഎസ് | സമ്പൂർണ്ണ | ബിൽ നം | 5,23,170 | 5,23,170 | പ്രവൃത്തി | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| ഇബി | വൈദ്യു തീകരണം | 25/16-17തീയതി 24.3.17 | | | പൂർത്തീകരിച്ചു | |
| കെഎസ് ഇബി | സമ്പൂർണ്ണ വൈദ്യു തീകരണം (എസ് ടി) | ബിൽ നം 17/തീയതി 20.3.2017 | 4,50,356 | 4,50,356 | പ്രവൃത്തി പൂർത്തീകരിച്ചു | ഇല്ല |
| കെഎസ് ഇബി | തെരുവ് വിളക്ക് ലൈൻ വലിക്കൽ | ബിൽ നം 22/16-17 തീയതി28.2.2017 | 9,80,000 | 9,80,000 | 31.3.2018 നാണ് കരാർ പ്രകാരം പ്രവൃത്തി പൂർത്തീക രിക്കേണ്ടത് | ഇല്ല |
| | | ബിൽ നം 26 തീയതി 24.3.2017 | 2,80,000 | 2,80,000 | | |
| കെഎസ് ഇബി | വീട് വയറിംഗ് | ബിൽ നം 21/ 16-17 തീയതി 31.3.2017 | 2,45,000 | 2,45,000 | പൂർത്തീ കരിച്ചിട്ടില്ല ഖ-3-6 കാണുക | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| കെഎസ് ഇബി | പട്ടികവർഗ്ഗ മേഖലയിൽ തെരുവ് വിളക്ക് ലൈൻ വലിക്കൽ | ബിൽ നം 11/16-17 തീയതി 27.2.2017 | 1,75,000 | 1,75,000 | 30.9.2017 നാണ് കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടത് | ഇല്ല |
| | | ബിൽ നം18/16-17 തീയതി 28.3.2017 | 3,15,000 | 3,15,000 | | |
| | | ചെക്ക് 2005975 തീയതി 31.3.2017 | 9,000 | 9,000 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

വായ്പ തിരിച്ചടവിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം /തീയതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | വർഷാവസാനം അടയ്ക്കുവാൻ ബാക്കി |
|---|---|---|---|---|---|---|
| | ഇ എം എസ് ഭവന പദ്ധതി | ലഭ്യമല്ല | 1,10,39,495 | 15,03,457 | 4,56,591 | 10,46,866 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 20,000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 20,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്മെന്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്സർട്ടിഫിക്കറ്റ് നം 4462 | 20,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹ 16,448 വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | | ഒടുക്കിയആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|---|
| | | ചാർജ്ജ് | സർ ചാർജ്ജ് | | |
| 2015-16 | 3-1 | | 2,715 | ശ്രീമതി.നിഷ അച്ചുതൻ (അസിസ്റ്റന്റ് സെക്രട്ടറി) | 11603105709 തീയതി 28.2.2017 |
| | | | 2,210 | ശ്രീ.പവിത്രൻ .വി | 11603105710 |

| | | | | |
|---|---|---|---|---|
| | | | (അക്കൗണ്ടന്റ് ) | തീയതി<br>28.2.2017 |
| | | 2,096 | ശ്രീമതി.വസന്ത<br>സി.വി<br>(സീനിയർ ക്ലർക്ക്) | 11603105711<br>തീയതി<br>28.2.2017 |
| | | 1,262 | ശ്രീമതി.നിഷ.എം<br>(സീനിയർ ക്ലർക്ക്) | 11603105712<br>തീയതി<br>28.2.2017 |
| | | 1,110 | ശ്രീ.പി.സുകുമാരൻ<br>(പാർട്ട് ടൈം പൗണ്ട്<br>കീപ്പർ) | 11603105713<br>തീയതി<br>28.2.2017 |
| | | 792 | ശ്രീമതി.കെ.വി.<br>ജോസഫൈൻ<br>(പാർട്ട് ടൈം സ്വീപ്പർ) | 11603105714<br>തീയതി<br>28.2.2017 |
| | | 825 | ശ്രീ.എൻ.മനോജ്<br>(പാർട്ട് ടൈം<br>ലൈബ്രേറിയൻ) | 11603105715<br>തീയതി<br>28.2.2017 |

| | | | | |
|---|---|---|---|---|
| | | | | |
| | | 2,614 | ശ്രീ.എ.ജെയിംസ് (ഓഫീസ് അറ്റന്റ് ) | 11603105900 തീയതി 13.3.2017 |
| | | 2,224 | ശ്രീ.രവിശങ്കർ.ടി.വി (സീനിയർ ക്ലർക്ക്) | 11603105913 തീയതി 13.3.2017 |
| ആകെ | | 15,848 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതും തീർപ്പാക്കാൻ അവശേഷിക്കുന്നതുമായ ഖണ്ഡികകൾ ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| ഇനം | തുക |
|---|---|
| തൻവർഷത്തെ വരവ് | 4,35,46,933.00 |
| തൻവർഷത്തെ ചെലവ് | 3,94,49,864.00 |
| വരവ് നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവ് നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,74,880 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ബി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപേര് |
|---|---|---|
| 3-1 | 146950 | ശ്രീ. പുരുഷോത്തമൻ എം.<br>ഹെഡ്മാസ്റ്റർ |
| 3-5 | 27930 | ഡോ. ഷറിജ് ജനാർദ്ദനൻ<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 ഓഡിറ്റ് ഇംപാക്ട്

താഴെപറയുന്ന തുക ഓഡിറ്റ് തടസ്സവാദത്തെതുടർന്ന് തിരിച്ചടച്ച

| ക്രമ | എൻക്വയറി | വിഷയം | തുക | രശീതി നം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നം | നം | | | |
| 1 | 16 | ടെണ്ടർ കുറവ് ബില്ലിൽ നിന്നും കുറക്കാത്തത് | 2,000 | 117030101586തീയതി 23.9.2017 |
| 2 | 17 | ഫൈൻ ഈടാക്കാത്തത് | 1,000 | 117030101591 തീയതി 23.9.2017 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽനിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | എൽ.എഫ്.കെ.എൻ.ആർ/സി.2 /2249/07/ 6-11-2009 | 7 |
| 2004-05 | എൽ.എഫ്.കെ.എൻ.ആർ/സി.2 /2259/07/ 6-11-2009 | 4 |
| 2005-06 | എൽ.എഫ്.കെ.എൻ.ആർ/സി.2 /2260/07/ 6-11-2009 | 3 |
| 2006-07 | എൽ.എഫ്.കെ.എൻ.ആർ/സി.2 /63/09/19-6-2009 | 4 |
| 2007-08 | എൽ.എഫ്.കെ.എൻ.ആർ/സി.2 /591/11/ 12-10-2011 | 3 |
| 2008-09, 2009-10, 2010-11 | എൽ.എഫ്.കെ.എൻ.ആർ/സി.10 /1370/12/ 30-11-2012 | 19 |
| 2011-12, 2012-13 | എൽ.എഫ്.കെ.എൻ.ആർ/സി.10 /1205/14/ 28-3-2015 | 22 |
| 2013-14, | എൽ.എഫ്.കെ.എൻ.ആർ/സി.10 | 13 |

| | | |
|---|---|---|
| 2014-15 | /1046/2016/04.07.2016 | |
| 2015-16 | കെ.എസ്.എ.കെ.എൻ.ആർ/ സി9/2063 /2016 തീയതി 7.12.2016 | 10 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ /കെ.എൻ.ആർ /സി.8/1643 /2017

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ
ഇ-മെയിൽ:lfaddistofficeknr@gmail.com
ഫോൺ: 0497-2707698.
തീയതി 20.10.2017

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പും 1994 ലെ കേരള

പഞ്ചായത്ത് രാജ് നിയമത്തിലെ 215ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തുന്നതിനായി കംപ്-ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ പരിശോധന നിർവഹിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ടിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഗ്രാമ പഞ്ചായത്ത് ചിറ്റാരിപറമ്പ്ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയരക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

AUDIT CERTIFICATE

KSA-KNR/C.8/1643/2017

Kerala State Audit Department,
DistrictAuditOffice,Kannur-670001.
e-Mail:lfaddistofficeknr@gmail.com
Phone:0497-2707698.
Date: 20.10.2017

Certified that I have audited the annual Financial Statement of CHITTARIPARAMBA Gramapanchayat in Kannur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my Opinion, the Financial Statements of that I have audited the annual Financial

Statement of CHITTARIPARAMBA Gramapanchayat for the year 2016-17 except the observation in my audit report properly presents the picture of income and expenditure.

Deputy Director.

Kerala State Audit Department

District Audit Office, Kannur.

## അനുബന്ധം -2

# Receipt And Payment Statement

| | | | | |
|---|---|---|---|---|
| Receipt And Payment StatementFor the period from 01-April-2016 To 31-March-2017 Chittariparamba Gramapanchayat | | | | |
| | *Head Account* | *Schedule* | *Amount(Rs.)* | |
| | Opening Balance | | | |
| | Bank | RP-40(a) | 1,20,36,218.75 | |
| | Cash | RP-40(a) | 66,220.00 | |
| | Receipts | | | |
| Operating | | | | |

| | | | |
|---|---|---|---|
| | Tax Revenue | RP-1 | 13,57,240.00 |
| | Rental Income from Panchayat Properties | RP-3 | 600.00 |
| | Fees & User Charges | RP-4 | 13,77,429.00 |
| | Sale & Hire Charges | RP-5 | 53,599.00 |
| | Revenue Grants, Funds, Contributions & Compensations | RP-7 | 86,98,620.00 |
| | Interest Earned | RP-9 | 1,11,790.00 |
| | Earmarked Funds | RP-29 | 0.00 |
| | Grants, Funds & Contributions for Specific Purposes | RP-31 | 2,73,94,120.00 |
| | Other Liabilities | RP-36 | 80,540.00 |
| Non Operating | | | |
| | | | |
| | Other Income | RP-10 | 2,270.00 |
| | Earmarked Funds | RP-29 | 72,207.00 |
| | Deposits Received | RP-34 | 1,00,775.00 |
| | Other Liabilities | RP-36 | 1,93,217.00 |
| | Sundry Debtors (Receivables) | RP-43 | 40,82,726.00 |
| | Loans, Advances and Deposits | RP-47 | 21,800.00 |
| Grand Total | | | 5,56,49,371.75 |

| | Payments | | | |
|---|---|---|---|---|
| Operating | | | | |
| | Establishment Expenses | RP-11 | 23,14,883.00 | |
| | Administrative Expenses | RP-12 | 5,71,427.00 | |
| | Operations & Maintenance | RP-13 | 6,19,355.00 | |
| | Decentralised Plan Programme - Productive Sector | RP-15 | 27,00,354.00 | |
| | Decentralised Plan Programme - Service Sector | RP-16 | 1,12,74,434.00 | |
| | Decentralised Plan Programme - Infrastructure Sector | RP-17 | 8,39,291.00 | |
| | Decentralised Plan Programme - Projects not included in Sector Division | RP-18 | 1,04,136.00 | |
| | Expenditures of Transferred Institutions and State Sponsored Schemes (not included under Decentrali | RP-19 | 12,09,600.00 | |
| | Maintenance Projects | RP-20 | 23,17,586.00 | |
| | Other Revenue Grants and Funds - Revenue Expenses | RP-21 | 13,400.00 | |
| | Grants, Contributions and Compensations from Own Fund | RP-22 | 1,000.00 | |
| | Prior Period Item | RP-26 | -16,448.00 | |
| | Other Liabilities | RP-36 | 42,32,162.00 | |

| | | | |
|---|---|---|---|
| Non Operating | | | |
| | Interest & Finance Charges | RP-14 | 90.00 |
| | Secured Loans | RP-32 | 4,56,591.00 |
| | Deposits Received | RP-34 | 1,17,519.00 |
| | Other Liabilities | RP-36 | 21,01,115.00 |
| | Fixed Assets | RP-38 | 21,12,975.00 |
| | Capital Work In Progress | RP-40 | 52,22,261.00 |
| | Loans, Advances and Deposits | RP-47 | 32,58,133.00 |
| | Closing Balance | | |
| | Bank | RP-40(b) | 1,61,77,366.75 |
| | Cash | RP-40(b) | 22,141.00 |
| Grand Total | | | 5,56,49,371.75 |

Deputy Director

## അനുബന്ധം -3

# Income & Expenditure Statement

| Income & Expenditure Statement For the period from 01-April-2016 to 31-March-2017<br>Chittariparamba Gramapanchayat | | | | |
|---|---|---|---|---|
| *Code* | *Head Of Account* | *Schedule* | *Amount(Rs.)* | |
| Income | | | | |
| 110000000 | Tax Revenue | I-1 | 46,74,272.00 | |
| 130000000 | Rental Income from Panchayat Properties | I-3 | 64,440.00 | |
| 140000000 | Fees & User Charges | I-4(b) | 14,99,739.00 | |

| | | | | |
|---|---|---|---|---|
| 150000000 | Sale & Hire Charges | I-5(b) | 53,599.00 | |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 8,79,86,350.00 | |
| 171000000 | Interest Earned | I-8 | 1,11,790.00 | |
| 180000000 | Other Income | I-9 | 2,270.00 | |
| A | Total-Income | | 9,43,92,460.00 | |
| Expenditure | | | | |
| 210000000 | Establishment Expenses | I-10(b) | (82,72,996.00) | |
| 220000000 | Administrative Expenses | I-11(b) | (5,71,427.00) | |
| 230000000 | Operations & Maintenance | I-12(b) | (6,34,355.00) | |
| 240000000 | Interest & Finance Charges | I-13 | (90.00) | |
| 250000000 | Decentralised Plan Programme - Productive Sector | I-14 | (58,26,683.00) | |
| 251000000 | Decentralised Plan Programme - Service Sector | I-14(a) | (3,01,18,512.00) | |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(b) | (8,39,291.00) | |
| 253000000 | Decentralised Plan Programme - Projects not included in Sector Division | I-14(c) | (1,04,136.00) | |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not included under Decentralised Plan Programme) | I-14(d) | (4,17,78,060.00) | |
| 255000000 | Maintenance Projects | I-14(e) | (23,17,586.00) | |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | (74,180.00) | |

| | | | | |
|---|---|---|---|---|
| 260000000 | Grants, Contributions and Compensations from Own Fund | I-15 | (1,000.00) | |
| 272000000 | Depreciation | I-17(a) | (17,75,859.00) | |
| B | Total-Expenditure | | (9,23,14,175.00) | |
| C = A-B Gross Surplus/Deficit of Income over Expenditure | | | | |
| | | | 20,78,285.00 | |
| D= | 280000000 | Prior Period Item | | I-18 |
| E = C-D | *Gross Surplus/Deficit of Income over Expenditure after prior period items* | | 21,21,143.00 | |
| 290000000 | Transfer to Reserve Funds | | | |
| | *Net Balance being surplus/deficit carried over to Balance sheet (Panchayat Fund)* | | | |

Deputy Director

## അനുബന്ധം -4

# BALANCE SHEET

| **Chittariparamba Grama Panchayat BALANCE SHEET As on 31-March-2017** | | | |
|---|---|---|---|
| **Code No.** | **Description of Items** | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve& Surplus** | | |
| 310000000 | Panchayat Fund | B-1 | 4739703.15 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds | B-2 | 51432.00 |
| 312000000 | Reserves | B-3 | 43834479.00 |
| | ***Total Reserve& Surplus*** | | 48625614.15 |
| | **Grants,Contributions for specific purposes** | | |
| 320000000 | Grants, Funds & Contributions for Specific Purposes | B-4 | 1705306.00 |
| | ***Total Grants,Contributions for specific purposes*** | | 1705306.00 |
| | **Loans** | | |
| 330000000 | Secured Loans | B-5 | 1046866.00 |
| | ***Total Loans*** | | 1046866.00 |
| | **Current Liabilities and Provisions** | | |
| 340000000 | Deposits Received | B-7 | 3321169.00 |
| 350000000 | Other Liabilities | B-9 | 956825.60 |
| | ***Total Current Liabilities and Provisions*** | | 4277994.60 |
| | **TOTAL LIABILITIES** | | 55655780.75 |
| | **ASSETS** | | |

| | | | |
|---|---|---|---|
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 41692565.00 |
| 411000000 | Accumulated Depreciation | B-11 | (7131675.00) |
| 412000000 | Capital Work In Progress | B-11(a) | 0.00 |
| | ***Total Fixed Assets*** | | 34560890.00 |
| | **Current Assets,Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 830753.00 |
| 440000000 | Pre-paid Expenses | B-16 | 1046866.00 |
| 450000000 | Cash and Bank balance | B-17 | 16199507.75 |
| 460000000 | Loans, Advances and Deposits | B-18 | 3017764.00 |
| | ***Total Current Assets,Loans and Advances*** | | 21094890.75 |
| | **TOTAL ASSETS** | | 55655780.75 |
| *Software Support : Information Kerala Mission* | | Accounts Officer | Secretary |
| | | *Balance Sheet Page 1 of 1* | |

Deputy Director